# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 6975 13.07.2012 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ് - ആസ്ഥാന മന്ദിരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജെയിംസ് മാത്യു** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ ആസ്ഥാന മന്ദിരത്തിന്റെ മാസവാടക എത്രയാണ്; എത്രനാളായി നിലവിലുള്ള കെട്ടിടത്തിൽ ഡയറക്ടറേറ്റ് പ്രവർത്തിച്ചുവരുന്നു; | (എ) എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് നിലവിൽ 37,055 രൂപ വാടകയിനത്തിൽ നൽകി വരുന്നു. 18/10/2011 മുതൽ പ്രതിമാസ വാടക 63,975 രൂപയായി നിജപ്പെടുത്തി PWD Rent Certificate നല്കിയെങ്കിലും പുതുക്കിയ വാടക നല്കി തുടങ്ങിയിട്ടില്ല. ഈ കെട്ടിടത്തിൽ ഏകദേശം 30 വർഷത്തോളമായി ഡയറക്ടറേറ്റ് പ്രവർത്തിച്ച് വരുന്നു. |
| (ബി) പ്രസ്തുത മന്ദിരത്തിന്റെ പരിമിതികളെ സംബന്ധിച്ച പരാതികളും പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) വികാസ് ഭവനിലെ 'തൊഴിൽ ഭവൻ' നിർമ്മിക്കുമ്പോൾ ആയതിലേക്ക് ഡയറക്ടറേറ്റ് മാറ്റുന്നതിനുള്ള തീരുമാനം ഉണ്ടായിരുന്നോ; | (സി) ഉണ്ടായിരുന്നു. |
| (ഡി) 'തൊഴിൽ ഭവൻ' നിർമ്മാണത്തിന് വകുപ്പിന്റേതായി എന്തു തുക ഉപയോഗപ്പെടുത്തിയിട്ടുണ്ട്; എങ്കിൽ ആസ്ഥാന മന്ദിരം തൊഴിൽ ഭവനിലേക്കു മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) അമ്പതു ലക്ഷം രൂപ വകുപ്പിൽ നിന്ന് PWD യ്ക്ക് നല്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാറ്റുന്നതാണ്. |

| | |
|---|---|
| (ഇ) തൊഴിൽ ഭവനിൽ, പ്രസ്തുത ആസ്ഥാന മന്ദിരം മാറ്റി സ്ഥാപിക്കുന്നതിന് സൗകര്യമുണ്ടോ; ഇല്ലെങ്കിൽ തലസ്ഥാനത്ത് മറ്റെവിടെയെങ്കിലുമുള്ള സർക്കാർ കെട്ടിടത്തിലേക്ക് ആസ്ഥാന മന്ദിരം മാറ്റുന്നതിന് സൗകര്യമുണ്ടോ; ആയതിന് നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ടോ; ഈ കാര്യത്തിലുള്ള നിലപാട് എന്താണ് എന്ന് വ്യക്തമാക്കുമോ; | (ഇ) & (എഫ്) തൊഴിൽ ഭവന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡയറക്ടറേറ്റ് മാറ്റുവാൻ കഴിയുന്നതാണ്. |
| (എഫ്) സ്വകാര്യ വ്യക്തിക്ക് പ്രതിമാസം ഭീമമായ തുക വാടകയായി നൽകുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ